ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ

* 155 (a) [579] ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) :
,, പാലോളിമുഹമ്മദ്കുട്ടി :
,, വി. എസ്. അച്യുതാനന്ദൻ :
,, പി. കെ. കുഞ്ഞച്ചൻ :
,, ഇ. പി. കൃഷ്ണൻ നമ്പ്യാർ :
,, എ. എസ്. എൻ. നമ്പീശൻ :
,, കെ. സി. സഖറിയാ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1968–69 വർഷത്തിൽ ഗവണ്മെൻറുടമയിലുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളിൽ എത്ര രൂപവീതം ലാഭം ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം വ്യവസായങ്ങൾ നഷ്ടത്തിൽ നടന്നു ;

(സി) 1966–67, 1967–68 വർഷങ്ങളിൽ ടി. സി. സി. യിൽ എത്ര നഷ്ടമുണ്ടായി ;

(ഡി) പ്രസ്തുത നഷ്ടത്തിനു് കാരണം എന്തെല്ലാം ;

(ഇ) ടി. സി. സി. യിലെ പുതിയ കാസ്റ്റിക് സോഡാപ്ലാൻറും, ഹൈഡ്രോ സംഫോറുപ്ലാൻറും സ്ഥാപിച്ചതു് ഏതു വർഷത്തിലാണെന്നും അതിനു മുടക്കിയ സംഖ്യ എത്രയെന്നും പറയുമോ ;

(എഫ്) ഈ പ്ലാൻറുകൾ വളരെക്കാലം നിഷ്ക്രിയമായി കിടക്കുകയായിരുന്നുവെന്നതു് നഷ്ടത്തിനു് കാരണമായിട്ടുണ്ടോ ;

(ജി) 1968-69 വർഷത്തിൽ, ടി. സി. സി. ക്കു് ഇലക്ട്രിസിറ്റി ബോർഡിൽനിന്നും കറൻറ് ചാർജ് ഇളവുചെയ്തു കൊടുത്തിട്ടുണ്ടോ ?

കുഷ്യം വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ എം. എൻ. ഗോവിന്ദൻ നായർ) :

(എ, ബി) 1968-69 ലെ കണക്കു് അംഗീകരിച്ചിട്ടില്ല. 1967–68ലെ കണക്കുകളുടെ അടിസ്ഥാനത്തിലുള്ളവിവരം കഴിഞ്ഞ ദിവസം സഭയെ അറിയിച്ചിട്ടുണ്ടു്.

(സി) 1966-67ൽ 38,630 രൂപയുടെ നാമമാത്രമായ ലാഭം കമ്പനിക്കുണ്ടായി. 1967-68-ൽ16,88,351 രൂപ നഷ്ടമുണ്ടായി.

(ഡി) (1) 1967 ജൂണിൽ കമ്പനി പ്രതിദിനം 60 മെട്രിക്ടൺ ഉല്പാദനശേഷിയുള്ള ഒരു കോസ്റ്റിക്യൂണിറ്റു സ്ഥാപിക്കുകയുണ്ടായി. പ്രസ്തുത യൂണിറ്റു് 1967 നവമ്പറിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉൽപാദനം ആരംഭിച്ചെങ്കിലും പല കാരണങ്ങളാൽ കമ്പനിയുടെ പ്രതിദിന ഉല്പാദനനിരക്കു് പഴയതോതിൽതന്നെ തുടരേണ്ടിവന്നു. അതേ സമയം പുതിയ യൂണിറ്റിനു് ചെലവായ മുതലിൻറെ പലിശയും മറ്റും 67–68 ലെ കണക്കിൽ ഉൾപ്പെടുത്തേണ്ടതായുംവന്നു.

(2) 1966 ഡിസംബർ മുതൽ 67 മാർച്ചുവരെ ഏകദേശം 100 ദിവസം നീണ്ടുനിന്ന ഒരുപണിമുടക്കു് കമ്പനിക്കു് നേരിടേണ്ടി വന്ന തന്മൂലം കമ്പനിയുമായി വലിയ തോതിൽ ഇടപാടു നടത്തിയിരുന്ന പല ഉപഭോക്താക്കളെയും കമ്പനിക്കു് നഷ്ടമായി.

(3) പ്രസ്തുത വർഷത്തിൽ ടെക്സ്റ്റൈൽഡ്യയിൽ പൊതുവേ കാസ്റ്റിക് സോഡായുടെ വപണി മോശമായിരുന്നു. തന്മൂലം കമ്പനി ഉല്പാദനം കുറയ്ക്കാൻ നിർബന്ധിതമായി.

(4) കമ്പനിക്കു് ആവശ്യമുള്ളത്ര ഇന്ധനം ലഭ്യമായിരുന്നില്ല. അതിനാൽ അന്നുണ്ടായിരുന്ന മാർക്കറ്റിൻറെ പരിതസ്ഥിതിയിൽ കൂടുതൽ കാസ്റ്റിക്കിലെ ഉല്പാദിപ്പിക്കുന്നതു് പ്രായോഗികമായിരുന്നില്ല. വേണ്ടത്ര ഇന്ധനം ലഭ്യമായിരു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്നെങ്കിൽ, 'കാസ്റ്റിക്'ലൈ' ഉല്പാദനം വർദ്ധിപ്പിക്കാനും അതു കൂടുതൽ കാലത്തേക്കു സൂക്ഷിക്കാവുന്ന രൂപത്തിൽ (in solid or flakes form) ഉല്പാദിപ്പിക്കാനും സാധ്യമാകുമായിരുന്നു.

(ഇ) കാസ്റ്റിക് സോഡാപ്ലാന്റ് 1967 ജൂണിലും, ഹൈഡ്രോസംഫോറു പ്ലാന്റ് 1968 ജൂലായിലും സ്ഥാപിച്ചു. കാസ്റ്റിക്സോഡാ പ്ലാന്റിനു 343 ലക്ഷം രൂപയും ഹൈഡ്രോസംഫോറു പ്ലാന്റിനു 88 ലക്ഷം രൂപയും.

(എഫ്) കാസ്റ്റിക്സോഡാ പ്ലാന്റു ഒരു വർഷത്തേക്കും, ഹൈഡ്രോസംഫോറുപ്ലാന്റു ഒന്നരവർഷത്തേക്കും നിഷ്ക്രിയമായിരുന്നു. കാസ്റ്റിക്സോഡാ പ്ലാന്റിന്റെ പ്രവർത്തനത്തിനു കാലതാമസമുണ്ടായതു് ആവശ്യമുള്ളത്ര പവ്വർ ലഭിക്കാതിരുന്നതു കൊണ്ടാണു്. ഹൈഡ്രോസംഫോറന്റെ സിവിൽ കൺസ്ട്രക്ഷൻ പൂർത്തിയാകുന്നതിനുണ്ടായ താമസമാണു് പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനസ്തംഭനത്തിനു കാരണം.

(ജി) 1968–69 ൽ ടി. സി. സി. ക്കു ഇലക്ട്രിസിറ്റി ബോർഡിൽനിന്നും കറന്റു ഇളവുചെയ്തു കൊടുത്തിട്ടില്ല.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാടു്) : പൊതുവുടമയിലുള്ള വ്യവസായങ്ങളും പലതും നഷ്ടത്തിൽ നടത്തപ്പെടുകയാകുന്നതിനുള്ള കാരണങ്ങളും കണ്ടുപിടിച്ചു പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റു നടപടി സ്വീകരിക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഈ കാര്യം ദീർഘകാലമായി ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. എ. എസ്സു് എൻ. നമ്പീശൻ : ടി. സി. സി. യിലെ 1968–69 ലെ പ്രവർത്തനം ലാഭത്തിലാണെന്നു പത്രറിപ്പോർട്ടു കണ്ടതിനുശേഷം നഷ്ടത്തിലാണെന്നു അധികൃതപ്രസ്താവനയുണ്ടാകാൻ കാരണമെന്താണു്. ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : പ്രിലിമിനറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദ്യം പത്രപ്രസ്താവനയുണ്ടായെന്നുവരും. അതിനുശേഷം അധികൃത പ്രസ്താവനയുണ്ടാവാൻ സ്വാഭാവികമായി കാലതാമസമുണ്ടാകും.

ശ്രീ. എ. എസ്സു്. എൻ. നമ്പീശൻ : ടി. സി. സി. യിൽ ഉല്പാദിപ്പിക്കുന്ന ഹൈഡ്രജൻ സംഫേറു് ഇൻഡ്യയിലുടനീളം നല്ല മാർക്കറ്റുള്ളതാണെങ്കിലും, കേരളത്തിൽ ആലുവായിലെ ഒരു സോപ്പു ഫാക്ടറി മുഖേന വിതരണം നടത്തുന്നതുമൂലം കാര്യമായ ലാഭമോ നല്ല മാർക്കറ്റോ ഉണ്ടാകുന്നില്ലെന്നും, 3 ശതമാനം കമ്മിഷൻ വാങ്ങാൻവേണ്ടിമാത്രമാണു് ആ ഫാക്ടറി പ്രവർത്തിക്കുന്നതെന്നും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഉത്തരത്തിൽ അതു കാണുന്നില്ല.

ശ്രീ കെ. ഐ. രാജൻ : ഗവണ്മെന്റുവക വ്യവസായങ്ങളും എന്തുകൊണ്ടു് നഷ്ടത്തിൽ നടത്തപ്പെടുന്നുവരുന്നു, അതിന്റെ സാഹചര്യങ്ങളും എന്തെല്ലാമാണു്, അടിസ്ഥാനകാരണങ്ങളും എന്തൊക്കെയാണു് എന്നിവയെപ്പറ്റി വസ്തുനിഷ്ഠമായി പഠിച്ചു ഗവണ്മെന്റുവക സ്ഥാപനങ്ങളും ലാഭകരമായി നടത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : വളരെ മൗലികപ്രാധാന്യമുള്ള ഒരു പ്രശ്നമാണിതു്. വിശേഷിച്ചു ഈ കാലഘട്ടത്തിൽ പൊതുവേ എല്ലാസ്ഥാപനങ്ങളും മാതൃകാപരമായി ലാഭകരമായി നടത്താൻ കഴിയുമെന്നതു വാസ്തവം തന്നെയാണു്. നഷ്ടംവരാനുള്ള കാരണം എന്താണെന്നു വസ്തുനിഷ്ഠമായി പഠിക്കുകയും, പോരായ്മകളും പരിഹരിക്കുകയും ചെയ്യാനുള്ള നടപടികളും സ്വീകരിക്കുമെന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. കെ. സി. സഖറിയാ : നഷ്ടം വരുന്ന സ്ഥാപനങ്ങളിലെ ഭരണച്ചെലവുപെട്ടിച്ചുരുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതു് ഇന്നത്തെ കാലഘട്ടത്തിനു യോജിച്ച പ്രവൃത്തിയല്ലെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കേരളത്തിലെ ഗവണ്മെന്റുവക വ്യവസായ സ്ഥാപനങ്ങളും, ഗവണ്മെന്റിനു് കൂടുതൽ ഷെയറുള്ള വ്യവസായസ്ഥാപനങ്ങളും പരിശോധിച്ചു പഠനം നടത്തിയ 1968-69-ലെ എസ്റ്റിമേറ്റു കമ്മിറ്റി വിശദമായ ഒരു റിപ്പോർട്ടു ഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ളതു പരിശോധിച്ചിട്ടുണ്ടോ ? എസ്റ്റിമേറ്റുകമ്മിറ്റിയും ടാക്സേഷൻ എൻക്വയറി കമ്മിറ്റിയും, ഇവിടത്തെ വ്യവസായ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങളും വിറ്റഴിയാത്തതു് ഒരു സെയിൽസ് ഓർഗനൈസേഷൻ ഇല്ലാത്തതുകൊണ്ടാണെന്നും, മാനേജിയൽ പുനഃസംഘടന ആവശ്യമാണെന്നും അഭിപ്രായപ്പെട്ടിട്ടില്ലേ ? ആ ശുപാർശകളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ രണ്ടു റിപ്പോർട്ടുകളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതനുസരിച്ചുള്ള നടപടികളും എടുക്കുന്നതിനു് ഗവണ്മെന്റു ശ്രദ്ധിക്കുന്നതാണു്.

ശ്രീ. കെ. സി. സഖറിയാ : വ്യവസായങ്ങളും നടത്തുന്ന കാര്യത്തിൽ പ്രായോഗികമായ യാതൊരു പരിജ്ഞാനവുമില്ലാത്ത വലിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതുകൊണ്ടല്ലേ അവ നഷ്ടത്തിൽ കലാശിക്കുന്നതു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇതിനു മുൻപു ഈ സഭയിൽ അതു പറഞ്ഞിട്ടുമുണ്ടു്.

ശ്രീ. കെ. എം. മാണി : 1968-69-ൽ ഒഴിവാക്കാമായിരുന്ന നഷ്ടം ഉണ്ടായതിനെപ്പറ്റി അന്വേഷിക്കുവാൻ ശ്രീ. കെ. കെ. രാമൻകുട്ടിയെ നിയമിക്കുകയുണ്ടായി. 1968-69-ലെ ഉല്പാദനത്തെ സംബന്ധിച്ചു ശ്രീ രാമൻകുട്ടി പരിശോധിച്ചതായി കാണുന്നില്ല. 1968-69-ലെ ഉല്പാദനത്തിൽ ഒഴിവാക്കാമായിരുന്ന നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കാൻ ഗവണ്മെന്റു തയ്യാറാണോ ?

ശ്രീ എം. എൻ. ഗോവിന്ദൻ നായർ : ഈ വിവരം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ഇ. ബാലാനന്ദൻ : ടി. സി. സി. യിലും അതുപോലുള്ള വ്യവസായസ്ഥാപനങ്ങളിലും ഡയറക്ടർബോർഡിൽ തൊഴിലാളികൾക്കുകൂടി ശരിയായ പ്രാതിനിദ്ധ്യം നൽകാൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതും പരിഗണനാർഹമായ ഒരു പ്രശ്നമാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ടി. സി. സി. യിലെ ഉല്പന്നങ്ങൾ ലാഭകരമായി വിറ്റഴിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാര്യമായ ക്രമക്കേടുകൾ വന്നിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഉണ്ടു്. അതു പരിശോധിച്ചിട്ടുണ്ടു്.

ശ്രീ. പി. പി. വിൻസൻ : ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം രണ്ടേ കൊല്ലമായിട്ടും നഷ്ടത്തിൽ ഓടുന്ന വ്യവസായങ്ങൾ ഏതൊക്കെയാണെന്നും അതിനു പരിഹാരമുണ്ടാക്കാൻ എന്തൊക്കെയാണു വസ്തുനിഷ്ഠമായി, സമഗ്രമായി പഠനം നടത്തി പോരായ്മകൾ പരിഹരിക്കുവാൻ സാധിക്കാത്തതിന്റെ കാരണമെന്താണു് ? നഷ്ടത്തിലോടുന്ന സ്ഥാപനങ്ങളിലെ അധികാരസ്ഥാനത്തിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാക്ക് ഒരു നിശ്ചിത സമയം കൊടുത്തു ലാകേരമായി അതു നടത്താൻ സാധിക്കുന്നില്ലെങ്കിൽ ചെവിക്കു പിടിച്ചു പുറത്താക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പറുടെ ഈ നിർദ്ദേശങ്ങളും ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താം.

സവ്വ്ശ്രീ ടി. എ. മജീദ്, ബേബി ജോൺ: ഉദ്യോഗസ്ഥനെ ചെവിക്കു പിടിച്ചു പുറത്താക്കുന്ന കാര്യം പരിഗണിക്കാമെന്നാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്നാണ് പറഞ്ഞതു്.

ശ്രീ. ബി. മാധവൻ നായർ : ഇൻഡ്യയിലെ പല സ്വകാര്യകമ്പനികളിലും ടി സി സി യിലെ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടെന്നും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി കുറഞ്ഞ വിലയ്ക്കു വിതരണം ചെയ്യുന്നതുകൊണ്ടു് നമ്മുടെ റഗ്ലർ കസ്റ്റമേഴ്സ് വിട്ടുപോകുന്നുവെന്നും ടി. സി. സി. മാനേജ്മെൻറിനു മറ്റുള്ള വരോടു മത്സരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ നിയന്ത്രണംമൂലം സാധിക്കുന്നില്ലെന്നും, കാലാകാലങ്ങളിൽ ഗവണ്മെൻറിന്റെ ഉത്തരവുകാരണം കൃത്യസമയത്തു കിട്ടത്തക്കവണ്ണം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കാതെ വരുന്നുവെന്നും പരാതിയുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുസംബന്ധിച്ചു് ഈ നിയമസഭയിലെ പബ്ലിക്കു അണ്ടർടേക്കിംഗ് കമ്മിറ്റി പരിശോധിച്ചു ഗവണ്മെൻറിലേക്കു സമർപ്പിച്ച റിപ്പോർട്ടു ഗവണ്മെൻറു പരിഗണിക്കാൻ തയ്യാറാകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി പരിഗണിക്കാവുന്നതാണു്.

ശ്രീ. എം. എസ്. എൻ. നമ്പീശൻ : സർ, ടി. സി. സി. യിലുണ്ടായ ക്രമക്കേടുകളെ സംബന്ധിച്ചു അന്വേഷിക്കുവാൻ ഗവണ്മെൻറു നിയോഗിച്ച ശ്രീ. കെ. കെ. രാമൻകുട്ടിയുടെ റിപ്പോർട്ടിൽ എഫ്. എ. സി. ടി. മാനേജിംഗ് ഡയറക്ടറായ ശ്രീ. എം. കെ. കെ. നായരുടെ നിർദ്ദേശാനുസരണം ഒരേജൻസിക്കു ചില ഉല്പന്നങ്ങൾ കൊടുത്തിട്ടുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടു്. മാനേജ്മെൻറിന്റെ ഭാഗത്തു നിന്നും ശ്രീ. എം. കെ. കെ. നായർ ആ പറഞ്ഞതിലുള്ളതു ശരിയല്ലെന്നുള്ള മറ്റൊരു പ്രസ്താവന പുറപ്പെടുവിച്ചു റിപ്പോർട്ടു നിഷേധിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഇതു വേറൊരു ചോദ്യമായി ചോദിക്കുവാനുള്ളതാണു്.

ശ്രീ. കെ. ടി. ജേക്കബ്ബ് : പൊതുമേഖലാ അടിസ്ഥാനത്തിൽ നടത്തുന്ന വ്യവസായങ്ങളിൽ അതിലെ ബന്ധപ്പെട്ട മാനേജിംഗ് ഡയറക്ടരും അതുപോലുള്ള ഗവണ്മെൻറു സെക്രട്ടറിമാരും ഉത്തരവാദത്തോടുകൂടി ഡയറക്ടർബോർഡു് യോഗങ്ങളിലും കാൺഫറൻസിലും പങ്കെടുക്കാത്തതുകൊണ്ടാണു് പുരോഗതി ഉണ്ടാകാത്തതെന്നുള്ളതുകൊണ്ടു ഉത്തരവാദത്തോടുകൂടി ഇവർ പങ്കെടുക്കുന്നതിനു നിർദ്ദേശം നൽകുമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഗവണ്മെൻറു സെക്രട്ടറിമാർ ഡയറക്ടർ ബോർഡു് മീറ്റിംഗിൽ പങ്കെടുക്കാതിരിക്കുന്നതുകൊണ്ടല്ല കുഴപ്പങ്ങൾ ഉണ്ടാകുന്നതു്. അവർ മറ്റു ജോലിയുള്ളവരായതുകൊണ്ടു വേണ്ടിടത്തോളം ശ്രദ്ധ ഈ കാര്യത്തിൽ പതിപ്പിക്കുവാൻ കഴിയുന്നുമില്ലെന്നുള്ളതാണു് പ്രശ്നം. അതു എങ്ങനെ പരിഹരിക്കാമെന്നുള്ളതു ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ടി. സി. സി. യിൽ ഉല്പാദിപ്പിക്കുന്ന ഹൈഡ്രോ സംഫേറ്റു കര ഞ്ചന്തയിൽ വളരെയധികം പോകുന്നുണ്ടെന്നും പല ക്രമക്കേടുകളും ഉണ്ടെന്നും ശ്രീ. കെ. കെ. രാമൻകുട്ടിയുടെ റിപ്പോർട്ടിൽ ഉള്ളതുകൊണ്ട് അതു പരിഹരിക്കുന്നതിനു എന്തെല്ലാം പുതിയ നയപരിപാടികളാണ് സ്വീകരിച്ചിട്ടുണ്ട്? കമ്പനി അനുവദിച്ചുവന്നിരുന്നതിൽനിന്നും യാതൊരു പരിവർത്തനവും വരുത്തേണ്ടതില്ല എന്ന വ്യവസായമന്ത്രി സ്പെഷ്യലായി വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: നോട്ടീസുവേണം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : പൊതുമേഖലാസ്ഥാപനങ്ങളെ നല്ലപോലെ നടത്തുന്ന കാര്യത്തിൽ ഒരു ഗവണ്മെന്റുദ്യോഗസ്ഥൻതന്നെ പത്തും പന്ത്രണ്ടും കമ്പനികളുടെ മാനേജിംഗ് ഡയറക്ടറായി വരുന്ന എന്നുള്ളതുകൊണ്ട് വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കഴിയുകയില്ല എന്നുള്ളതു് ഒരു പരമ സ്ഥമായിരിക്കേ എല്ലാ മാനേജിംഗ് ഡയറക്ടർ ബോർഡിലേയ്ക്കും 50 ശതമാനം നോൺ ഒഫിഷ്യലുകളുടെ പ്രാതിനിധ്യം കൊടുക്കണമെന്നുള്ള നിർദ്ദേശം ഗവണ്മെന്റു പരഗണിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ആ നിർദ്ദേശം ഗവണ്മെന്റു് ആലോചിക്കാം.

ശ്രീ. പി. ഗംഗാധരൻ: പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടംവരുന്നതിനുള്ള കാരണം അതു സ്ഥാനപരമായ നയപ്രശ്നമാണെന്ന ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. സ്വകാര്യവ്യവസായികളെ പ്രോത്സാഹപ്പിക്കുവാൻ പൊതുമേഖലാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾക്കു നഷ്ടം ഉണ്ടായാലെ സാധിക്കുകയുള്ള എന്നു കരുതി ഇതു കൈകാര്യം ചെയ്യുന്ന ഗവണ്മെന്റുദ്യോഗസ്ഥന്മാർ മനഃപൂർവ്വം വിചാരിക്കുന്നതുണ്ടോ? ഇപ്രകാരം സംഭവിക്കുന്നതെന്നുള്ള സംബന്ധിച്ചു ഗവണ്മെന്റിന്റെ അഭിപ്രായം പരിഗണിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിനെക്കാളും മൗലികമായ പ്രശ്നങ്ങളും ഇതിൽ ഉൾപ്പെടാനുണ്ട്. അതുകൊണ്ട് ഇതു ആലോചിക്കണം.

ശ്രീ. എം. രാമുണ്ണി : ഇത്ര ഭീമമായ നഷ്ടം ഉണ്ടാകുവാനുള്ള കാരണം ഇന്ധനം ഇല്ലാത്തതും ഇലക ട്രിസിറ്റിയില്ലാത്തതുമാണെന്നു പറയുകയുണ്ടായി. ഈ വ്യവസായം അവിടെ തുടങ്ങിയ അവസരത്തിൽ വേണ്ടത്ര ഇന്ധനവും ഇലക്ട്രിസിറ്റിയും കിട്ടുവാൻ സാദ്ധ്യതയുണ്ടോ എന്ന കാര്യം പരിഗണിച്ചിട്ടില്ലായിരുന്നോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : നേരത്തെ എത്രത്തന്നെ ആലോചിച്ചും പരിഗണിച്ചും വ്യവസായം തുടങ്ങിയാലും ചിലപ്പോഴും ഇന്ധനത്തിൽ കുറവുവരും, ചിലപ്പോഴും പവ്വർകട്ടും വരും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഇവിടെ കണക്കുകൾ പറഞ്ഞതുകേട്ടപ്പോൾ രണ്ടുപക്ഷവും ലാഭമാണെന്നാണ് ഞാൻ മനസ്സിലാക്കിയതു്. നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ആദ്യത്തെവർഷം നാമമാത്രമായലാഭവും രണ്ടാമത്തെവർഷം നഷ്ടവുമാണു്.

ശ്രീ. പാറപ്പള്ളി മുഹമ്മദുകുട്ടി : ഈ വ്യവസായം ലാഭകരമാക്കിത്തീർക്കുന്നതിനെ സംബന്ധിച്ചു് ഗവണ്മെന്റു് ആലോചിക്കുന്നുവെന്നു് പറയുകയുണ്ടായി. ആ ആലോചന ദീർഘമാണോ, എന്നത്തേയ്ക്കു പൂർത്തിയാക്കും. ബഹുമാനപ്പെട്ട വിത്സൺ ചോദിച്ച ചോദ്യം ഞാൻ വീണ്ടും ആവർത്തിക്കുകയാണ്. ഗവണ്മെന്റു് ഇടപെട്ടു വേണ്ട നടപടികളും നടത്തുവാൻ നിർദ്ദേശം ഡിപ്പാർട്ടുമെന്റിനു നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല. ഓരോ വ്യവസായത്തിനോടും പ്രവർത്തനത്തെ സംബന്ധിച്ച് ഓരോന്നാണിരിക്കും കാരണം. അതൊക്കെ പരിശോധിച്ച് കാര്യങ്ങളെല്ലാം പരിഗണിക്കുവെന്നതാണ്.

ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുവാൻ നിർദ്ദേശം

* 156. [580] ശ്രീ. എൻ. ഗമാലിയേൽ : താഴെ കാണുന്ന പ്രോദ്യങ്ങൾക്ക് ദരാമർത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുവാനുള്ള നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) അത് മാറ്റി സ്ഥാപിക്കുന്നതിനു് മണ്ണന്തല ജംഗ്ഷനടുത്ത് നാല്പത് ഏക്കർ സ്ഥലം റവന്യൂ അധികൃതരും ബന്ധപ്പെട്ട ഇഞ്ചിനീയർമാരുംകൂടി പരിശോധിച്ചശേഷം ആ സ്ഥലം പ്രസ്സ് സ്ഥാപിക്കുന്നതിനു് ഉത്തമമാണെന്നു് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്തുതന്നെ പ്രസ്സ് മാറ്റി സ്ഥാപിക്കണമെന്നു് എതാനും പഞ്ചായത്തു പ്രസിഡൻറന്മാരും എം. എൽ. എ. മാരുംകൂടി ഗവണ്മെൻറിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ മാറ്റക്കാര്യത്തിൽ ഗവണ്മെൻറ് എന്തു തീരുമാനം എടുത്തു?

ദരാമർത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 206-ൽ ഇരുപത്തിരണ്ടു് ഏക്കർ സ്ഥലം തിരുവനന്തപുരം ഗവണ്മെൻറ്പ്രസ്സ് മാറ്റി സ്ഥാപിക്കുന്നതിലേക്കായി അക്വയർ ചെയ്യുന്നതിനു് ഉത്തരവു പുറപ്പെടുവിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : ഈ കൊല്ലത്തെ ബഡ്ജറ്റിൽ കെട്ടിടംപണി തുടങ്ങുന്നതിനുള്ള തുക വകകൊള്ളിച്ചിട്ടുള്ളതുകൊണ്ട് ഏറ്റവും വേഗം അക്വിസിഷൻ നടപടി പൂർത്തിയാക്കുവാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ടി. കെ. ദിവാകരൻ : അതാണു് ഉത്തരത്തിൽ പറഞ്ഞതു് ഉള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 206-ൽ ഇരുപത്തിരണ്ടു് ഏക്കർ സ്ഥലം തിരുവനന്തപുരം ഗവണ്മെൻറ്പ്രസ്സ് മാറ്റിസ്ഥാപിക്കുന്നതിലേക്കായി അക്വയർ ചെയ്യുന്നതിനുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്നു്.

ശ്രീ. ബി. മാധവൻനായർ : മണ്ണന്തല ജംഗ്ഷനിൽ നാല്പത് ഏക്കർ സ്ഥലം ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. അതുതന്നെയാണോ മേൽപറഞ്ഞതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഉള്ളൂർ സർവ്വേ 206-ൽ 25 ഏക്കർ സ്ഥലമാണു് ഉദ്ദേശിച്ചിട്ടുള്ളതു്. അതു മണ്ണന്തലയിലുള്ള സ്ഥലമായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly